# മെട്രോ വാർത്ത

## ഹരിതകർമസേന അംഗങ്ങൾക്കായി മെഗാ എൽഇഡി ബൾബ് റിപ്പയറിംഗ് പരിശീലന പരിപാടി സംഘടിപ്പിച്ചു

തിരുവനന്തപുരം: എനർജി മാനേജ്മന്റ് സെന്റർ സംഘടിപ്പിക്കുന്ന ഇന്റർനാഷണൽ എനർജി ഫെസ്റ്റിവൽ ഓഫ് കേരളയ്ക്ക് തുടക്കം കുറിച്ച് തൈക്കാട് പൊലിസ് മൈതാനിയിൽ ഹരിതകർമ സേന അംഗങ്ങൾക്കായി  മെഗാ എൽഇഡി ബൾബ് റിപ്പയറിംഗ് പരിശീലന പരിപാടി സംഘടിപ്പിച്ചു. നവകേരളം കർമ പദ്ധതി കോർഡിനേറ്റർ ഡോ. ടി. എൻ. സീമ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു.

വിവിധ ജില്ലകളിലുള്ള എഴുന്നൂറോളം ഹരിതകർമസേന അംഗങ്ങൾ പരിപാടിയുടെ ഭാഗമായി. സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്ന സ്ത്രീകൾക്ക് വരുമാന മാർഗം കണ്ടെത്താൻ സാധിക്കുന്ന രീതിയിലാണ്  പരിശീലന പരിപാടി സംഘടിപ്പിച്ചത്.

എനർജി മാനേജ്മെന്റ് സെന്റർ റിസോഴ്സ് പേഴ്സൺ  സാബിർ പരിശീലന പരിപാടിക്ക് നേതൃത്വം നൽകി. തിരുവനന്തപുരം എൽബിഎസ് കോളെജിലെ അൻപതോളം വിദ്യാർഥിനികൾ പരിശീലന പരിപാടി ഏകോപിപ്പിച്ചു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന അംഗങ്ങൾക്ക് സർട്ടിഫിക്കറ്റ് ലഭിക്കും. എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ആർ. ഹരികുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ നവകേരളം കർമ പദ്ധതി അസ്സിസ്റ്റന്റ് കോർഡിനേറ്റർ ടി. പി. സുധാകരൻ, എനർജി മാനേജ്മെന്റ് സെന്റർ രജിസ്ട്രാർ ബി.വി. സുഭാഷ് എന്നിവർ സംസാരിച്ചു.